**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6186** **17-03-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതീകരിക്കാത്ത വീട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ എത്ര വീടുകൾ ഇനി വൈദ്യുതീകരിക്കാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | കെ.എസ്.ഇ.ബി.എൽ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ പ്രകാരം എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങളുടെയും വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല. കെ.എസ്.ഇ.ബി.എൽ ന്റെ കണക്ക് പ്രകാരം ഇനി വൈദ്യുതീകരിക്കാനുള്ള വീടുകളുടെ എണ്ണം 2636 ആണ്. ഇതിൽ വയനാട് ജില്ലയിലെ കോളനികളിൽ ഉൾപ്പെട്ട 126 വീടുകളുടെ പുനരധിവാസം നിർദ്ദേശിച്ചിട്ടുണ്ട്. ബാക്കിയുള്ള 2510 വീടുകളിൽ 1294 എണ്ണത്തിൽ ഗ്രിഡ് വൈദ്യുതീകരണവും 1216 എണ്ണത്തിൽ സോളാർ വൈദ്യുതീകരണവുമാണ് സാധ്യമാകുന്നത്. മേൽ സൂചിപ്പിച്ചിരിക്കുന്ന സോളാർ വൈദ്യുതീകരണം സാധ്യമാകുന്ന വീടുകളിൽ 355 എണ്ണത്തിൽ കഴിഞ്ഞ സമ്പൂർണ്ണ വൈദ്യുതീകരണപദ്ധതിയിൽ ഉൾപ്പെടുത്തി സോളാർ പാനലുകൾ (ശേഷി കുറവായവ) സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കുന്നുണ്ട്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വീടുകളിൽ ഒരു വർഷത്തിനകം വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ